# Desabhimani
# 27 July 2018
# Kochi, Idamalayar Dam, Water Level

CHN

## ഇടമലയാർ ജലനിരപ്പ് 165 മീറ്റർ കടന്നു

**കൊച്ചി**

ഇടമലയാർ അണക്കെട്ടിൽ ജലനിരപ്പ് 165 മീറ്റർ കടന്നു. അതേസമയം ഭയക്കേണ്ട സാഹചര്യമില്ലെന്ന് കലക്ടർ അറിയിച്ചു. മൂന്ന് മുന്നറിയിപ്പുകൾ നൽകിയശേഷമേ അണക്കെട്ടുകൾ തുറക്കൂ. ഇപ്പോൾ ആദ്യ മുന്നറിയിപ്പു മാത്രമേ ലഭിച്ചിട്ടുള്ളൂ. മൂന്നാം മുന്നറിയിപ്പു കഴിഞ്ഞ് 24 മണിക്കൂറിനുശേഷമേ ഷട്ടറുകൾ തുറക്കൂ. ജലനിരപ്പ് 167 മീറ്ററാകുമ്പോൾ രണ്ടാം മുന്നറിയിപ്പും 169 മീറ്ററാകുമ്പോൾ മൂന്നാം മുന്നറിയിപ്പും നൽകും. ഇടുക്കിയിൽ 2390 അടി പിന്നിട്ടപ്പോഴാണ് ആദ്യ മുന്നറിയിപ്പ് നൽകിയത്. ജലനിരപ്പ് 2395 അടിയാകുമ്പോൾ രണ്ടാമത്തെയും 2399 അടിയാകുമ്പോൾ മൂന്നാമത്തെയും മുന്നറിയിപ്പ് നൽകും. തുടർന്ന് 24 മണിക്കൂറിനുശേഷം ഷട്ടറുകൾ തുറക്കും. നിലവിലെ കാലാവസ്ഥയിൽ ഇടുക്കി അണക്കെട്ടിൽ ഒരടിയും ഇടമലയാറിൽ 50 സെന്റീമീറ്ററും വീതമാണ് പ്രതിദിനം ജലനിരപ്പുയരുന്നത്.

ഭൂതത്താൻകെട്ടിലെ 15 ഷട്ടറുകളിൽ 13 എണ്ണം തുറന്നിട്ടുണ്ട്. 34.95 മീറ്റർ സംഭരണശേഷിയുള്ള അണക്കെട്ടിൽ 29 മീറ്ററോളം വെള്ളമാണ് ഇപ്പോഴുള്ളത്. ഇടുക്കിയിൽ വൈദ്യുതോൽപ്പാദനം പൂർണതോതിൽ നടത്തുന്നതിനാൽ മൂവാറ്റുപുഴയാറിൽ നീരൊഴുക്ക് കൂടാൻ സാധ്യതയില്ലെന്നും ഉദ്യോഗസ്ഥർ അറിയിച്ചു. രണ്ടാം മുന്നറിയിപ്പ് നൽകേണ്ടിവന്നാൽ തുടർന്ന് വാഹനഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തും. ഇതേ കാലാവസ്ഥ തുടർന്നാൽ 10 ദിവസംകൊണ്ടേ ഷട്ടറുകൾ തുറക്കേണ്ട സാഹചര്യമുള്ളൂ.